# പതിനാലാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 2340 | 07.02.2019 - ൽ മറുപടിക്ക് |
|---|---|

## പ്രളയാനന്തര പുനർനിർമ്മിതി സെസ്

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. പി.കെ.അബ്ദു റബ്ബ്<br>ശ്രീ. പി.ഉബൈദുള്ള<br>ഡോ. എം.കെ. മുനീർ<br>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : | | ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പ മന്ത്രി) |
| (എ) | പ്രളയാനന്തര പുനർ നിർമ്മിതിക്കായി, ജി.എസ്.ടി കൗൺസിൽ അനുമതി നൽകിയതിൻപ്രകാരം, ജി.എസ്.ടിക്കുമേൽ സെസ് ചുമത്തുന്നതിലൂടെ എന്ത് തുക സമാഹരിക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്; | (എ) | പ്രളയാനന്തര പുനർ നിർമ്മിതിക്കായി, ജി.എസ്.ടി. കൗൺസിൽ അനുമതി നൽകിയതിൻ പ്രകാരം, ജി.എസ്.ടി.ക്കുമേൽ സെസ് ചുമത്തുന്നതിലൂടെ 1200 കോടി രൂപ രണ്ട് വർഷം കൊണ്ട് സമാഹരിക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത് |
| (ബി) | സെസ് ഏർപ്പെടുത്തുമ്പോൾ വിലക്കയറ്റം ഉണ്ടാകാതിരിക്കാൻ എന്തെല്ലാം മുൻകരുതലുകളാണ് സ്വീകരിക്കുന്നത്; വിശദമാക്കാമോ; | (ബി) & (സി) | ജി.എസ്.ടി നടപ്പിലായതിനെത്തുടർന്ന് 28%, 18%, 12% എന്നീ നിരക്കുകളിൽപ്പെടുന്ന പല ചരക്കുകളുടെയും നികുതിനിരക്ക് കുറച്ചിട്ടുണ്ട്. ഇത്തരം നികുതി കുറവ് പരിഗണിച്ച് വിലയിൽ ആനുപാതിക കുറവ് ജനങ്ങൾക്ക് ഇതുവരെയും ലഭ്യമായിട്ടില്ല. ഇപ്പോൾ ഏർപ്പെടുത്തിയിരിക്കുന്ന 1% സെസ്സ് ഇതിൽ തട്ടിക്കഴിക്കാവുന്നതേയുള്ളൂ. എന്നതിനാൽ കാര്യമായ വിലവർദ്ധനവ് പ്രതീക്ഷിക്കുന്നില്ല. കൂടാതെ, സെസ്സ് അവസാന ഉപഭോക്തൃവില്പനയിൽ മാത്രമേ ബാധകമായിട്ടുള്ളൂ. വ്യാപാരികൾ സെസ്സിന്റെ മറവിൽ അനധികൃതലാഭം ഉണ്ടാക്കുകയാണെങ്കിൽ സംസ്ഥാന സ്ക്രീനിങ് കമ്മിറ്റി മുഖേന ആന്റി പ്രൊഫിറ്റിറിങ് അതോറിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നതാണ്. |
| (സി) | സെസ്സ് ചുമത്തുന്നതിന്റെ മറവിൽ വില കൂട്ടുന്നുണ്ടോയെന്ന് പരിശോധിക്കാൻ എന്തെങ്കിലും സംവിധാനം ഏർപ്പെടുത്താൻ ആലോചനയുണ്ടോ? | | |

സെക്ഷൻ ഓഫീസർ